# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3649 20.10.2016-ലെ മറുപടിക്ക്

## എച്ച്.എസ്.എസ്.റ്റി തസ്തിക നിർണ്ണയം

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ) | ഹയർ സെക്കന്ററി സ്കൂളുകളിലെ അധിക ബാച്ചുകളിലേയ്ക്കുള്ള എച്ച്.എസ്.എസ്.റ്റി-മാരുടെ തസ്തിക നിർണ്ണയം നടത്തി ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. എന്നാൽ പുതിയതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കുള്ള എച്ച്.എസ്.എസ്.റ്റി-മാരുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. |
| (ബി) | എയ്ഡഡ് സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി തസ്തിക നിർണ്ണയം പൂർത്തിയായോ; എങ്കിൽ എന്നാണ് പൂർത്തിയായതെന്ന് വ്യക്തമാക്കാമോ; | (ബി) | പൂർത്തിയായിട്ടില്ല. അന്തിമഘട്ടത്തിലാണ്. |
| (സി) | സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തിക നിർണ്ണയം വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ ? | (സി) | ഓരോ സ്കൂളിലുമുള്ള ചട്ടപ്രകാരമുള്ള ഭൗതികസാഹചര്യങ്ങൾ, ഓരോ വിഷയത്തിലുമുള്ള പീരിഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം, അംഗീകൃത തസ്തികകൾ തുടങ്ങിയവ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം ഹയർ സെക്കന്ററി ഡയറക്ടർ ലഭ്യമാക്കുന്ന ശുപാർശയിന്മേൽ സൂക്ഷ്മപരിശോധന നടത്തിയാണ് ഓരോ വിഷയത്തിലുമുള്ള തസ്തികകളുടെ അർഹത നിർണ്ണയിക്കുന്നത്. ഇപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി സംഭവിച്ചിട്ടുള്ള കാലതാമസമാണ് ഇക്കാര്യത്തിലുള്ളത്. |

സെക്ഷൻ ഓഫീസർ.